**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 376** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി പാർക്കുകളിൽ മദ്യശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പുതിയ മദ്യനയം അനുസരിച്ച് സംസ്ഥാനത്ത് ഐ.ടി. പാർക്കുകളിൽ മദ്യശാലകൾ അനുവദിക്കുന്നതിനും കൂടുതൽ വിദേശ മദ്യശാലകൾ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; | (എ) | പുതിയ മദ്യനയം അനുസരിച്ച് സംസ്ഥാനത്ത് ഐ.ടി. പാർക്കുകളിൽ മദ്യശാലകൾ അനുവദിക്കുന്നതിനും, മുൻ കാലങ്ങളിൽ അടച്ചുപൂട്ടിയ വിദേശമദ്യശാലകൾ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് walk-in സൗകര്യത്തോടെ പ്രീമിയം ഷോപ്പുകളായി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നയം മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കുവാൻ സഹായകരമാകുമെന്ന് കരുതുന്നുണ്ടോ; | (ബി) | മദ്യശാലകളുടെ എണ്ണം കുറയ്ക്കുന്നതുകൊണ്ട് മാത്രം മദ്യ ഉപയോഗം കുറയ്ക്കാനോ, കൂടുതൽ ലൈസൻസുകൾ അനുവദിക്കുന്നതിലൂടെ മദ്യ ഉപയോഗം വർദ്ധിപ്പിക്കുവാനോ സാധ്യമല്ലെന്ന് കഴിഞ്ഞ 10 വർഷത്തെ മദ്യ വില്പനയുടെ കണക്ക് പരിശോധിച്ചതിൽ നിന്നും സർക്കാരിന് ബോധ്യമായിട്ടുള്ളതാണ്. ആയതു കൂടി കണക്കിലെടുത്താണ് മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്.<br><br>മദ്യ ഉപയോഗം കുറയ്ക്കുന്നതിന് ജനങ്ങൾക്കിടയിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവത്കരണം നടത്തി മദ്യ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുള്ളത്. വിമുക്തിയുടെ പ്രവർത്തനം മദ്യ വർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമായ രീതിയിൽ ആണ് മുമ്പോട്ട് പോകുന്നത്. |
| (സി) | മദ്യ ലഭ്യത കുറച്ച് മദ്യ ഉപയോഗം കുറയ്ക്കുന്നതിന് അനുസൃതമായി മദ്യനയത്തിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | മുൻ കാലങ്ങളിലെ അനുഭവങ്ങളിൽ നിന്നും മദ്യത്തിന്റെ ആവശ്യം കുറയ്ക്കാതെ മദ്യലഭ്യത കുറയ്ക്കുന്നത് സംസ്ഥാനത്ത് വ്യാജമദ്യത്തിന്റേയും, മയക്കു മരുന്നിന്റേയും ഉപയോഗം വ്യാപകമാക്കുവാനേ സഹായിക്കുകയുള്ളൂ എന്ന് ബോദ്ധ്യമായിട്ടുണ്ട്. ആയതിനാലാണ് മദ്യവർജ്ജനം എന്ന |

| | | | |
|---|---|---|---|
| | | | ആശയത്തിലൂന്നിയ മദ്യനയം പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ